LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പിലെ പ്രൊമോഷൻ തസ്തികകൾ

96 [1235] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിലെ പ്രൊമോഷൻ തസ്തികകളിൽ പ്രൊമോഷൻ നടപ്പാക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ വകുപ്പിൽ എത്ര തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നറിയിക്കാമോ;

(സി) തസ്തികകൾ ഒഴിഞ്ഞുകിടക്കുവാനുള്ള കാരണമെന്താണെന്നും, ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ എന്നും അറിയിക്കാമോ?

ഉത്തരം

(എ) ഭരണപരമായ ചില കാരണങ്ങളാൽ ഏതാനും ചില തസ്തികകളിലേക്കുള്ള പ്രൊമോഷൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)

1.	ഡെപ്യൂട്ടി ലേബർ കമ്മീഷണർ	..	1
2.	ജില്ലാ ലേബറാഫീസർ	..	5
3.	ജൂനിയർ സൂപ്രണ്ട്	..	1
4.	അസിസ്റ്റന്റ് ലേബറാഫീസർ ഗ്രേഡ്-II	..	9
5.	ടൈപ്പിസ്റ്റ്	..	3
6.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	..	2
7.	ശിപായി	..	31
	ആകെ	..	52

(സി) 1. ഡെപ്യൂട്ടി ലേബർ കമ്മീഷണർ:—ഈ ഒഴിവ് അടുത്ത കാലത്ത് ഉണ്ടായതാണ്. ഇതിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതാണ്.

2. ജില്ലാ ലേബറാഫീസർ:—ഫീഡർ കാറ്റഗറിയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉദ്യോഗസ്ഥർ ഇല്ലാത്ത കാരണമാണ് രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്. നിലവിലുള്ള 5 ഒഴിവുകളിൽ 3 ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. മറ്റ് രണ്ട് ഒഴിവുകളിലേക്ക് പ്രൊബേഷൻ പൂർത്തിയായ ഒരാൾകൂടി ഉണ്ടാകുന്ന മുറയ്ക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കി നിയമനം നടത്തുന്നതാണ്.

3. ജൂനിയർ സൂപ്രണ്ട്:—സീനിയോറിറ്റി തർക്കം കാരണമാണ് നിയമനം വൈകുന്നത്. സീനിയോറിറ്റി തർക്കമുള്ളതിനാൽ ആയത് പരിഹരിച്ച് ഉടൻ ഒഴിവ് നികത്തുന്നതാണ്.

4. അസിസ്റ്റന്റ് ലേബറാഫീസർ ഗ്രേഡ് II:—നേരിട്ട് നിയമനം നടത്തേണ്ട 8 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ടൈപ്പിസ്റ്റ്:—ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്:—ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. ശിപായി:—ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇ.എസ്.ഐ. സ്കീമിലെ അംഗത്വം

97 [1236] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. സ്കീമിൽ സംസ്ഥാനത്ത് എത്രപേർ അംഗങ്ങളായുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2000-01, 2002-03 എന്നീ വർഷങ്ങളിലെ അംഗസംഖ്യയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) അംഗങ്ങളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇ.എസ്.ഐ. കോർപ്പറേഷന്റെ കണക്കുപ്രകാരം 31-3-2003-ൽ സംസ്ഥാനത്ത് 3,57,300 പേർ ഇ.എസ്.ഐ. പദ്ധതിയിൽ അംഗങ്ങളായുണ്ട്.

(ബി) 2000-01, 2002-03 എന്നീ വർഷങ്ങളിലെ അംഗങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല		അംഗങ്ങളുടെ എണ്ണം	
		2000-01	2002-03
തിരുവനന്തപുരം	..	27,000	24,350
കൊല്ലം	..	1,31,800	98,950
ആലപ്പുഴ	..	26,800	22,600
പത്തനംതിട്ട	..	6,950	6,550
കോട്ടയം	..	18,250	15,100
എറണാകുളം	..	86,550	88,700
തൃശ്ശൂർ	..	32,050	29,350
പാലക്കാട്	..	21,950	20,550
കോഴിക്കോട്	..	30,050	28,800
കണ്ണൂർ	..	24,300	21,250
കാസറഗോഡ്	..	1,700	1,100
ആകെ	..	4,07,400	3,57,300

LIBRARY ARCHIVES Kerala Legislative Assembly